# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൊറയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.എം.പി.എം.22/2775/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/01/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൊറയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.എം.പി.എം.22/2775/22 തീയ്യതി: 03/01/2023

## മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 09-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ സത്താർ സി പി, ഓഡിറ്റ് ഓഫീസർ

ശ്രീമതി അസീന എ പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അമീൻ ഫൈസൽ ടി ടി , സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീമതി സക്കീന കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുനീറ പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ എം.മജീദ് | സെക്രട്ടറി | 01-04-2021 | 11-07-2021 |
| | | 31-07-2021 | 31-03-2022 |
| ശ്രീമതി പ്രജിത കുമാരി എൻ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2021 | 30-07-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രജിത കുമാരി എൻ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷെബിൻ ടി.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. വിനു എം നമ്പൂതിരി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.സയ്യിദ് നസീറുല്ല | മെഡിക്കൽ ഓഫീസർ (അലോപതി) | 01-04-2021 | 31-03-2022 |
| ഡോ.ആയിഷ ഹുസ്ന നാനാക്കൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി കലാകുമാരി എസ്.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മീനാക്ഷി ടി | വി.ഇ.ഒ | 01-04-2021 | 14-02-2022 |
| ശ്രീ. പ്രജീഷ് പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ . മുഹമ്മദ് അബ്ദുൾ റഷീദ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ . സോജൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 28-09-2021 |
| ശ്രീ. ജലാലുദ്ദീൻ കെ | അസിസ്റ്റന്റ് എഞ്ചിനിയർ (ദിവസ വേതനം) | 29-09-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | വിവിധ ഗ്രാന്റുകളുടെ ചെലവ് AFS, ACR,ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | വിവിധ ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്ക് പരിശോധന - അപാകതകൾ | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 14 | റേഷൻകടകൾ-ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 1-13 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - അപാകതകൾ | 1-14 |
| 16 | അനുപൂരക പോഷകാഹാര വിതരണം അപാകതകൾ | 1-15 |
| 17 | അംഗനവാടി അടിസ്ഥാനസൗകര്യങ്ങളിൽ അപര്യാപ്തത | 1-16 |
| 18 | മഴക്കാലപൂർവ്വ ശുചീകരണത്തിനായി തുക നൽകിയത് ചെലവഴിക്കാൻ അവശേഷിക്കുന്നു | 1-17 |
| 19 | ഓഡിറ്റ് പരാമർശം- 45,932/- രൂപ അടവാക്കി. | 1-18 |
| 20 | ബോട്ടിൽ ഡിസ്പെൻസർ യൂണിറ്റ് സ്ഥാപിക്കൽ - അപാകതകൾ. | 1-19 |
| 21 | കിഡ്നി രോഗികൾക്ക് ഡയാലിസിസിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-20 |
| 22 | PMAY- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 1-21 |
| 23 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്. | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/22.02.2021 | 10/03.03.2022 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.06.21 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,49,21,735.20 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,09,22,202 |
| ആകെ | 13,58,43,937.20 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,94,90,213 |
| നീക്കിയിരിപ്പ് | 5,63,53,724.20 |

### 1-4 ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16321148 | 16321148 | 16319699 | 1449 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5072455 | 5072455 | 4903301 | 169154 |
| വികസന ഫണ്ട് (ടി.എസ്.പി) | ० | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10084083 | 10084083 | 8923705 | 1160378 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 65666533 | 65666533 | 2817768 | 3748765 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 5705042 | 5705042 | 4995070 | 709972 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 9788093 | 9788093 | 3276514 | 6511579 |
| ബി. ഫണ്ട് | 0 | 58758280 | 58758280 | 58758280 | 0 |

#### 1-4-1 വിവിധ ഗ്രാന്റുകളുടെ ചെലവ് AFS, ACR,ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു

വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , ACR എന്നിവയിൽ താഴെ പറയുന്ന ഗ്രാന്റുകളുടെ ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | ഇനം | ചെലവ് തുക | കുറിപ്പ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | AFS | 16319699 | വ്യത്യാസമുള്ള GO പ്രോജക്റ്റുകളുടെ ചെലവ് 2670301 രൂപ AFSലും ACRലും ഉൾപ്പെട്ടിട്ടില്ല. |
| | ACR | 16319699 | |
| | Grant Statement | 18990000 | |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | AFS | 4788343 | AFSഉം ACR തമ്മിലുള്ള വ്യത്യാസം 114958രൂപയുടെ Q-billആണ്. |
| | ACR | 4903301 | |
| | Grant Statement | 5129042 | AFSഉം ഗ്രാന്റ് സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസം GO പ്രോജക്ടുകളുടെ ചെലവ് തുകയായ 340699 രൂപയാണ്. |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | AFS | 8476374 | വ്യത്യാസം 447331രൂപയുടെ Q-billആണ്. |
| | ACR | 8923705 | |
| | Grant Statement | 8476374 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | AFS | 3260449 | AFSഉം ACR തമ്മിലുള്ള വ്യത്യാസം 16065രൂപയുടെ Q-billആണ്. |
| | ACR | 3276514 | |
| | Grant Statement | 3260449 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) (ടൈഡ്) | AFS | 4643345 | AFS, ACR എന്നിവ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കേണ്ടതാണ്. |
| | ACR | 4995070 | |
| | Grant Statement | 4884670 | AFS , Grant Statement എന്നിവ തമ്മിലുള്ള വ്യത്യാസം 110400/-രൂപയുടെ Q-bill ആണ്. |

ഓഡിറ്റ് എൻക്വയറി നം.05/21-22/17.11.22

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 103689972 | 175 | 63391187 | 20 | 69 | 66 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3 | 497797 | 497800 | 407298 | 90502 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15207498 | 15207498 | 15207498 | 0 |

## 1-7 വിവിധ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 119880 | 68 |
| കർഷകതൊഴിലാളി പെൻഷൻ | 4535700 | 263 |
| വിധവാപെൻഷൻ | 20119200 | 1335 |
| വാർദ്ധക്യകാലപെൻഷൻ | 26607200 | 1941 |
| വികലാംഗപെൻഷൻ | 7051900 | 462 |
| വിവാഹ ധന സഹായം | 30000 | 1 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 294400 | 22 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരുപ്പ് തുക 7445/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർ ഹോമിയോ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ഹെഡ്മാസ്റ്റർ TR-7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

3) കൃഷി ഓഫീസർ വിവിധ പദ്ധതികൾക്കായി നടത്തിയ വാങ്ങലുകൾക്ക് സ്റ്റോക്ക് വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയവ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല.

4) വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിൽ വിതരണ രേഖകൾ സൂക്ഷിച്ചിട്ടില്ല.

5) പദ്ധതി നിർവ്വഹണത്തിൽ കൃഷി ഓഫീസർ, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി അടങ്കലിന്റെ 50% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

6) ജി.ഒ(എം.എസ്)നമ്പർ. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതികൾ മോണിറ്റർ ചെയ്യുന്നതായി കാണുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2022 | ജൂലൈ 2022 | 28.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2005 | 1997-98മുതൽ 2002-03 | 02-12-2005 |

## 1-11 വാർഷിക കണക്ക് പരിശോധന - അപാകതകൾ

2021-22 ലെ വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) B-3 ഷെഡ്യൂളിൽ Beneficiary Contribution Utilised ഇനത്തിൽ 1475157/-രൂപ ബാധ്യതയായി ചേർത്തിട്ടുണ്ട്. ചെലവഴിച്ച ഗുണഭോക്തൃ വിഹിതം ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടതായി കാണുന്നു.

2) ബഡ്സ് സ്കൂൾ ടീച്ചറുടെ ഹോണറേറിയം ഇനത്തിൽ വൗച്ചർ നം.22100087/07.05.21 പ്രകാരം നൽകിയ 30081/-രൂപയുടെ ചെലവ് Literacy Equivalance Examination- General എന്ന ഹെഡിലാണ് ബുക്ക് ചെയ്തിരിക്കുന്നത്.

3) Special TSB Joint Venture അക്കൗണ്ടിൽ 54409/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ 823/-രൂപയാണ് ബ്ലോക്ക്, ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

4) മെഡിക്കൽ ഓഫീസർക്ക് ശുചിത്വമിഷൻ ഫണ്ട് അഡ്വാൻസ് നൽകിയിട്ടുള്ള തുകകൾ Advance To Implementing Officers എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നതിനു പകരം വിനിയോഗ സാക്ഷ്യപത്രവും ഫൈനൽ ബില്ലും ലഭ്യമാകാതെ തന്നെ അതാത് ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ /ചെക്ക് നം. | ചെലവ് ചെയ്ത ശീർഷകം | നിർവ്വഹണ ഏജൻസി | പൂർത്തീകരണ വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ് സമിതികൾക്കുള്ള ശുചിത്വ മിഷൻ ഫണ്ട് മെഡിക്കൽ ഓഫീസർക്ക് മുൻകൂർ നൽകിയത് | 22100127/17.05.21 180000/- | Grants From Suchithwa Mission | MO. PHC | UC ലഭ്യമായിട്ടില്ല. |
| 2 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ് സമിതികൾക്കുള്ള മെഡിക്കൽ ഓഫീസർക്ക് മുൻകൂർ നൽകിയത് | 180000/- | Sanitaton Expense | MO. PHC | UC ലഭ്യമായിട്ടില്ല. |

5) RP-31പ്രകാരം ICDS കേന്ദ്രാവിഷ്കൃത ഫണ്ട് വരവ് 3662145/-രൂപയാണ്. എന്നാൽ ലഭ്യമാക്കിയ ഗ്രാന്റ് രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ വരവ് 2373445/- ആണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

6) സ്ഥിര നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ 2021-22 ലെ വർഷാരംഭത്തിലെ നിക്ഷേപം 1206635/-രൂപയും പലിശയിനത്തിൽ നിക്ഷേപിച്ചത് 75306/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 1281941/-രൂപയും ആണ്. എന്നാൽ പലിശയിനത്തിൽ നിക്ഷേപിച്ചത് 143945/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 1350580/-രൂപയും AFS ൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്.

7) ചെക്ക് നൽകി ദിവസങ്ങൾക്ക് ശേഷമാണ് സാംഖ്യയിൽ ചില പേമെന്റ് വൗച്ചർ തയ്യാറാക്കിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം. തീയതി | വൗച്ചർ നം. തീയതി | തുക |
|---|---|---|---|
| 1 | 193425/19.05.21 | 221100136/27.05.21 | 848819 |
| 2 | 130818/01.06.21 | 22100160/10.06.21 | 25540 |
| 3 | 130819/01.06.21 | 22100161/10.06.21 | 24040 |
| 4 | 130820/01.06.21 | 22100162/10.06.21 | 24040 |
| 5 | 193426/02.06.21 | 22100172/10.06.21 | 51200 |
| 6 | 1747876/04.06.21 | 22100174/11.06.21 | 70290 |
| 7 | E-payment/05.06.21 | 22100189/14.06.21 | 8458 |

8) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.05/21-22 17.11.2022

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു,

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | ഉമ്മുൽ ഖുറാ ഹയർ സെക്കണ്ടറി സ്കൂൾ | ലഭ്യമല്ല. | 1,2 |
| 2 | ലിറ്റിൽ ഇന്ത്യ പബ്ലിക് സ്കൂൾ മൊറയൂർ | ലഭ്യമല്ല. | 1,2 |
| 3 | ഒഴുകൂർ ക്ഷീര സഹകരണ സംഘം,ഒഴുകൂർ | ലഭ്യമല്ല. | 1,2 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/18-11-2022)മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 റേഷൻകടകൾ-ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 11/18.11.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ റേഷൻ കടകൾക്കും നിയമപ്രകാരം നോട്ടീസ് നൽകി ലൈസൻസോടു കൂടി പ്രവർത്തിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - അപാകതകൾ

ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസുകളും അവയുടെ അപേക്ഷകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

I) ഗ്രാമപഞ്ചായത്തിലേക്ക് ലൈസൻസ് ഫീസും മറ്റുമായി വരവ് ലഭിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കോളങ്ങളിലെ വിവരങ്ങൾ ചേർക്കാതെയും രേഖപ്പെടുത്തിയ വിവരങ്ങളുടെ കൃത്യത പരിശോധിക്കാതെയുമാണ് ലൈസൻസുകൾ അനുവദിച്ചത്. വിശദ വിവരങ്ങൾ ഉദാഹരണം സഹിതം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | കെട്ടിട നമ്പർ | സ്ഥാപനം/ലൈസൻസ് നൽകിയതിന്റെ ഉദ്ദേശം | അപാകത |
|---|---|---|---|---|
| 1 | 138/21-22 | 6/525 A,B | മലബാർ ഡയഗ്നോസ്റ്റിക് സർവ്വീസ് മോങ്ങം, ലബോറട്ടറി, സ്കാനിംഗ്, എക്സ്റേ എന്നിവയുടെ നടത്തിപ്പ്. (ഫീസ്:500) | അപേക്ഷയിൽ മൂലധന നിക്ഷേപം,അന്വേഷണ റിപ്പോർട്ട് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 142/21-22 | 12/2020 | ആയുർവ്വേദ ട്രീറ്റ്മെന്റ് നടത്തുന്നതിന് | അപേക്ഷയിൽ മൂലധന നിക്ഷേപം,അന്വേഷണ റിപ്പോർട്ട്,ജോലിക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 160/2021-22 | 15/247 | ആയുർവ്വേദ മരുന്ന് വില്പന. | അപേക്ഷയിൽ മൂലധന നിക്ഷേപം,അന്വേഷണ റിപ്പോർട്ട്,ജോലിക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | 221/2021-22 | 9/318A,B,C | പി വി സി ബെന്റ് വർക്ക്സ് | അപേക്ഷയിൽ മൂലധന നിക്ഷേപം,അന്വേഷണ റിപ്പോർട്ട്എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | 121/2021-22 | 6/526 | സൂപ്പർമാർക്കറ്റ് നടത്തുന്നതിന് | സഞ്ചയയിൽ ഈ കെട്ടിടം നിലവിലില്ല. |
| 6 | 195/2021-22 | 6/500A,B,C,D | ഇക്റഅ് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | 6\500 B,C,D എന്നീ കെട്ടിടങ്ങൾ സഞ്ചയയിൽ ഇല്ല. |

| | | | | |
|---|---|---|---|---|
| 7 | 194/2021-22 | 5/628,629,630 | ചൂരൽ കൊണ്ടുള്ള ഉൽപന്ന നിർമ്മാണം ,വിൽപന. | കെട്ടിടത്തിന്റെ തരം പരിശോധിച്ച് ഉറപ്പ് വരുത്താതെ ലൈസൻസ് അനുവദിച്ചു. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടത്തിന്റെ തരം പരിശോധിച്ചതിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം പാർപ്പിട തരം കെട്ടിടമാണ്. ആയത് തരം മാറ്റി വസ്തുനികുതി പുതുക്കി നിർണ്ണയിക്കാതെയാണ് ടി കെട്ടിടത്തിൽ വ്യവസായ/വാണിജ്യ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചത്. |

2) തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പിന്റെ 09.07.2021ലെ ആർ.സി.3/228/2020/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ലൈസൻസുകൾ പുതുക്കുമ്പോൾ അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ട് വളരെ പ്രാധാന്യമേറിയതാണ്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ , നിലവിലുള്ള ലൈസൻസ് പുതുക്കുന്നതാണോ അതോ പുതിയ ലൈസൻസിനുള്ളതാണോ എന്നത് സംബന്ധിച്ച രേഖപ്പെടുത്തലില്ല.മാത്രമല്ല, മുകളിലെ പട്ടികയിൽ പരാമർശിച്ച അപാകതകൾ പ്രകാരം അപേക്ഷകളിന്മേൽ ശരിയായ ഫീൽഡ് പരിശോധനയോ മറ്റോ ഇല്ലാതെയാണ് ലൈസൻസുകൾ അനുവദിച്ചത് എന്നാണ് വ്യക്തമാകുന്നത്.

3) അപേക്ഷകളിൽ ജോലിക്കാരുടെ എണ്ണം രേഖപ്പെടുത്താത്തതിനാൽ ഒന്നിലധികം ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളാണെങ്കിൽ 1996ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി ) ചട്ടങ്ങൾ, ചട്ടം 16 പ്രകാരം ഫോം II ൽ വേതന വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻകഴിയാതെ വരുന്നു.

4) മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിൽ എന്തടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിർണ്ണയിച്ചത് എന്നത് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/18.11.22) ക്രമ നം(1)ൽ 5,6 എന്നിവ ക്ലറിക്കൽ പിഴവ് മൂലമാണെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടിയും ലഭ്യമാക്കി.അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 അനുപൂരക പോഷകാഹാര വിതരണം അപാകതകൾ

2021-22 വർഷം ഐ സിഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ അനുപൂരക പോഷകാഹാര വിതരണ പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ വിവിധ ന്യൂട്രിമിക്സിന്റെ വിലയിനത്തിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ ചുവടെ ചേർത്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

<u>1.ന്യൂട്രിമിക്സ് വിതരണം - ജി എസ് ടി -ടി ഡി എസ് ഈടാക്കിയില്ല.</u>

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | ബിൽ നമ്പർ/തിയ്യതി | വിതരണം ചെയ്ത സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | തുക |
|---|---|---|---|---|---|
| 1 | 1/22 അങ്കണവാടി പൂരക പോഷകാഹാര പദ്ധതി ജനറൽ (അടങ്കൽ- 5500000 പൊതുവിഭാഗം സാധാരണ വിഹിതം 3500000 കേന്ദ്രാവിഷ്കൃത | BRN 21151052038900156019/28-06-2021 | ബിസ്മി കുടുംബശ്രീ യൂനിറ്റ്,ആനക്കയം (ഗ്രാവി പ്രോ) | 30/17-6-21 | 120330 |
| | | BRN 21151052038900156050/28-06-2021 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് യൂനിറ്റ്,കുനിയിൽ (ന്യൂട്രിമാം) | 11/28-4-21 | 116025 |
| | | BRN 21151052038900249104/28-07-2021 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂനിറ്റ്,മൊറയൂർ . | 61/5-3-22 | 206529 |
| | | | | 6/7-4-21 | 226516 |
| | | | | 20/11-5-21 | 208433 |

| | | | | | |
|---|---|---|---|---|---|
| | | | | 28/5-6-21 | 200823 |
| | | BRN21151052038900249099/28-7-21 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് യൂനിറ്റ്,കനിയിൽ (ന്യൂട്രിമാം) | 9-7-21 | 107900 |
| | | | ബിസ്മി കുടുംബശ്രീ യൂനിറ്റ്,ആനക്കയം (ഗ്രാവി പ്രോ) | 16/10-7-21 | 123300 |
| | | BRN 21151052038900422549/17-9-21 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂനിറ്റ്,മൊറയൂർ . | 38/5-7-21 | 212205 |
| | | | | 47/14-8-21 | 233143 |
| | | BRN 21151052038900422551/17-9-21 | ബിസ്മി കുടുംബശ്രീ യൂനിറ്റ്,ആനക്കയം (ഗ്രാവി പ്രോ) | 3/6-9-21 | 128700 |
| | | | | 29/28-7-21 | 128700 |
| | | BRN 21151052038900422544/17-9-21 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂനിറ്റ്,മൊറയൂർ . | 63/14-8-21 | 105300 |
| | | | | 60/16-9-21 | 90350 |
| | ഗ്രാന്റ്-1500000 500000-തനത് ഫണ്ട്) ചെലവ് 5500000/- | ചെക്ക് നം 193437/30-11-2021 | ബിസ്മി കുടുംബശ്രീ യൂനിറ്റ്,ആനക്കയം (ഗ്രാവി പ്രോ) | 17/4-10-21 | 119700 |
| | | ചെക്ക് നം 4554365/24-12-2021 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂനിറ്റ്,മൊറയൂർ . | 71/6-10-2021 | 219854 |
| | | | | 86/9-11-2021 | 222709 |
| | | | | 10/13-12-2021 | 213192 |
| | | | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂനിറ്റ്,മൊറയൂർ . (ന്യൂട്രിമാം) | 72/6-10-2021 | 92300 |
| | | | | 96/9-11-2021 | 57250 |
| | | | ബിസ്മി കുടുംബശ്രീ യൂനിറ്റ്,ആനക്കയം (ഗ്രാവി പ്രോ) | 28/8-11-21 | 87750 |
| | | | | 37/9-12-21 | 75250 |
| | | ചെക്ക് നം 6295121/14-03-2022 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂനിറ്റ്,മൊറയൂർ . (ന്യൂട്രിമാം) | 9/13-12-2021 | 62750 |
| | | | | 23/7-1-2022 | 67688 |
| | | | | 33/10-2-2022 | 59376 |
| | | | ബിസ്മി കുടുംബശ്രീ യൂനിറ്റ്,ആനക്കയം (ഗ്രാവി പ്രോ) | 49/10-1-2022 | 75476 |
| | | | | 56/26-01-22 | 67857 |
| 2 | 12/22 അങ്കണവാടി പോഷകാഹാരം വിതരണം( എസ് സി) (അടങ്കൽ -200000എസ് സി പി) ചെലവ്-200000 | BRN 211510520389004225542/17-9-21 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂനിറ്റ്,മൊറയൂർ . | 59/16.09.21 | 222709 |

2. ന്യൂട്രിമിക്സ് വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത മുകളിൽ ചേർത്ത സ്ഥാപനങ്ങളെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെയും ഈ സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

3) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

പ്രീ സ്കൂൾ കുട്ടികൾ,ഗർഭിണികൾ ,മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള പോഷകാഹാരമാണ് ഇതുവഴി വിതരണം ചെയ്യുന്നത്. എന്നാൽ ഇത്തരത്തിൽ വിതരണം ചെയ്ത ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശപ്രകാരമുള്ള പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (4/17-11-2022)നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂനിറ്റ്,മൊറയൂർ എന്ന സ്ഥാപനത്തിന്റെ ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കി.അപാതകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 അംഗനവാടി അടിസ്ഥാനസൗകര്യങ്ങളിൽ അപര്യാപ്തത

ഗ്രാമപഞ്ചായത്തിന് കീഴിൽ 38 അംഗനവാടികളുണ്ട്. ഇതിൽ 8 അംഗനവാടികൾക്ക് ഇനിയും സ്വന്തമായി സ്ഥലം ലഭ്യമായിട്ടില്ല. 10 എണ്ണം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 38 അംഗനവാടികൾക്കും ശൗചാലയം ,ഗ്യാസ് കണക്ഷൻ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 3 അംഗനവാടികൾക്ക് വൈദ്യുതിയും 17 എണ്ണത്തിന് ചുററുമതിലും 6 എണ്ണത്തിന് കുടിവെള്ളവും ലഭ്യമാകേണ്ടതുണ്ട്.

എല്ലാ അംഗനവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനും അംഗനവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 മഴക്കാലപൂർവ്വ ശുചീകരണത്തിനായി തുക നൽകിയത് ചെലവഴിക്കാൻ അവശേഷിക്കുന്നു

മഴക്കാലപൂർവ്വ ശുചീകരണത്തിനായി 18 വാർഡ് സമിതികൾക്ക് കൈമാറുന്നതിനായി ശുചിത്വമിഷൻ ഫണ്ട് 22100127/17.05.21, 22101087/12.03.22എന്നീ വൗച്ചറുകൾ പ്രകാരം 180000/-രൂപ വീതം ആകെ 360000/-രൂപ മെഡിക്കൽ ഓഫീസർ പി.എച്ച്.സി.ക്ക് അഡ്വാൻസ് ആയി നൽകുകയും തുക വാർഡ്തല ശുചിത്വ സമിതികളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വാർഡ് സമിതികൾ ലഭ്യമാക്കിയ ചെലവ് രേഖകൾ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 3, 4, 6, 13, 14, 16, 17 എന്നീ വാർഡുകളിൽ തുക ചെലവഴിച്ചിട്ടില്ല എന്ന് കാണുന്നു. പ്രസ്തുത വാർഡുകളിൽ 2021-22 വർഷത്തിൽ നൽകിയ 20000/-രൂപയും ചെലവഴിച്ചിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/21-22/17.11.22) മറുപടിയായി, മുഴുവൻ തുകയും വിനിയോഗിച്ചു എന്ന വിവരമാണ് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയത്. വാർഡ്തല ശുചിത്വ സമിതികളുടെ ചെലവ് രേഖകൾ മെഡിക്കൽ ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.
മഴക്കാലപൂർവ്വ ശുചീകരണത്തിനായി നൽകുന്ന ഫണ്ട് ശരിയായ രീതിയിൽ ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും മുൻ വർഷങ്ങളിൽ നൽകിയ ഫണ്ട് മുഴുവൻ ചെലവഴിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായതിന് ശേഷം മാത്രം അടുത്ത ഗഡു നൽകേണ്ടതുമാണ്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.06/17-11-2022)

## 1-18 ഓഡിറ്റ് പരാമർശം- 45,932/- രൂപ അടവാക്കി.

ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവത്തികളിൽ തെറ്റായി മൂല്യ നിർണ്ണയം നടത്തിയതു മൂലമുണ്ടായ 45932/- രൂപ അധിക ചെലവ് ഓഡിറ്റ് പരാമർശത്തെ തുടർന്ന് അടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട്/ വിവരണം | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|
| 1 | മൊറയൂർ GMLPS ആലുങ്ങൾ റോഡിൽ സൈഡ് ബാരിയർ (S0025/22)- പ്രവൃത്തിയുടെ പൈപ്പുകളുടെ തൂക്കം തെറ്റായി കണക്കാക്കിയത് മൂലം അധിക ചെലവ്- ഓഡിറ്റ് എൻക്വയറി 01/16.11.2022 | 20278/- (രസീതി നം 1220102632/18-11-2022) |
| 2 | സ്കൂൾപടി തവളപ്പാറ റോഡ് സൈഡ് ബാരിയർ സ്ഥാപിക്കലും, ചപ്പാത്ത് നിർമ്മാണവും (S00237/22)- പൈപ്പുകളുടെ തൂക്കം തെറ്റായി കണക്കാക്കിയത് മൂലം അധിക ചെലവ്- ഓഡിറ്റ് എൻക്വയറി 02/17.11.2022 | 9245/- (രസീതി നം 1220102643/18-11-2022) |
| 3 | വില്ലേജ് കഞ്ഞീരച്ചാലിൽ കോളനി റോഡ് നവീകരണം (S0088/22)- പൈപ്പുകളുടെ തൂക്കം തെറ്റായി കണക്കാക്കിയത് മൂലം അധിക ചെലവ്- ഓഡിറ്റ് എൻക്വയറി 03/17.11.2022 | 10055/- (രസീതി നം1220102651/19-11-2022) |
| 4 | പള്ളിമുക്ക് കുറ്റിക്കാട്ട്പറമ്പ് കോളനി കോഴിശ്ശേരി റോഡ് ആക്സിഡന്റ് ബാരിയർ സ്ഥാപിക്കൽ(S0312/22)- പൈപ്പുകളുടെ തൂക്കം തെറ്റായി കണക്കാക്കിയത് മൂലം അധിക ചെലവ്- ഓഡിറ്റ് എൻക്വയറി 08/17.11.2022 | 6345/- (രസീതി നം 1220102640/18-11-2022) |
| | ആകെ | 45,932/- |

മൂല്യ നിർണ്ണയം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മേൽ തുകകളിൽ പ്ലാൻ ഫണ്ടുകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 1-19 ബോട്ടിൽ ഡിസ്പെൻസർ യൂണിറ്റ് സ്ഥാപിക്കൽ - അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് | ബോട്ടിൽ ഡിസ്പെൻസർ യൂനിറ്റ് സ്ഥാപിക്കൽ(S0149/22) |
| അടങ്കൽ/ ചെലവ് | 300000/ 300000 (ശുചിത്വമിഷൻ ഫണ്ട്) |
| വൗച്ചർ | 101521094/ 30.03.2022<br>(ചെലവ് 50 Nons * 6050 = 302500/- Limited To 300000/-) |
| കരാറുകാരൻ | കുഞ്ഞുമൊയ്തു കെ കെ |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കുന്നതിന് വേണ്ടി പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 50 ബോട്ടിൽ ഡിസ്പെൻസർ യൂനിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെയാണ് ബിന്നുകൾ വാങ്ങിയിട്ടുള്ളത്. 6 സ്ഥാപനങ്ങൾ/ വ്യക്തികൾ ടെണ്ടറിൽ പങ്കെടുക്കുകയും, ശ്രീ. കുഞ്ഞുമൊയ്തു കെ കെ എന്നയാൾക്ക് ടെണ്ടർ അനുവദിക്കുകയും, ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബോട്ടിൽ ഡിസ്പെൻസർ യൂനിറ്റുകൾ സ്ഥാപിക്കുന്നതിന് കരാർ (നം.14/21-22/10-03-2022 ) ചമക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബോട്ടിൽ ഡിസ്പെൻസർ യൂനിറ്റുകൾ സ്ഥാപിച്ചിട്ടില്ല.

17.01.2022-ലെ 2/2022 നമ്പർ ടെണ്ടർ പരസ്യ പ്രകാരം 1 മീറ്റർ നീളവും, 0.6 മീറ്റർ വീതിയുമുള്ള ബോട്ടിൽ ബിന്നുകൾ (Rectangle Shape) ആണ് സ്ഥാപിക്കേണ്ടത്. ബിന്നുകളുടെ പോസ്റ്റുകൾ (4 എണ്ണം) 50x25x2mm Rectangular Hollow Section ഉം, Horizontal Supports 25x25x2mm Rectangular Hollow Section ഉം ഉപയോഗിച്ച് നിർമ്മിക്കേണ്ടതാണ്. കൂടാതെ 5mm കനമുള്ള Rods ഉപയോഗിച്ചുള്ള നെറ്റ് ഉൾപ്പെടെയുള്ള മറ്റു ഇനങ്ങളും സ്പെസിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 1 മീറ്റർ നീളവും, 0.6 മീറ്റർ വീതിയുമുള്ള ബോട്ടിൽ ബിന്നുകൾക്ക് പകരം 1 മീറ്റർ നീളവും, 0.4 മീറ്റർ വീതിയുമുള്ള ബോട്ടിൽ ബിന്നുകൾ (Rectangle Shape) ആണ് സ്ഥാപിച്ചിട്ടുള്ളത്. ബിന്നുകളുടെ പോസ്റ്റുകൾ (4 എണ്ണം) 50x25x2mm Rectangular Hollow Section ഉം, Horizontal Supports 25x25x2mm Rectangular Hollow Section ഉം ഉപയോഗിക്കേണ്ടതിന് പകരം, 20mm X 20mm X 2mm Angles ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ കൂടാതെ 5mm കനമുള്ള Rods ഉപയോഗിച്ചുള്ള നെറ്റിന് പകരം കനം കുറഞ്ഞ നെറ്റുകളാണ് ഉപയോഗിച്ചിട്ടുള്ളത്. ടെണ്ടർ സ്പെസിഫിക്കേഷനിൽ നിന്നും കുറഞ്ഞ വലുപ്പത്തിലും, കുറഞ്ഞ തൂക്കമുള്ള മെറ്റീരിയൽസും [കുറിപ്പ്: Standerd Weight. (1). 50x25x2mm Rectangular Hollow Section Weight Is 2.23 Kg/ M, (2). 25x25x2mm Rectangular Hollow Section Weight Is 1.45 Kg/ M, (3). 20mm X 20mm X 2mm Angle Weight Is 0.9 Kg/ M] ഉപയോഗിച്ചുള്ള ബോട്ടിൽ ബിന്നുകൾ സ്ഥാപിച്ചത് മൂലം കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. ടെണ്ടർ സ്പെസിഫിക്കേഷന് വിരുദ്ധമായിട്ടുള്ള ബിന്നുകൾ വാങ്ങിയത് ക്രമ പ്രകാരമല്ല.

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/17.11.2022) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബിന്നുകൾ റോഡ് സൈഡുകളിൽ സ്ഥാപിക്കുന്നതിലെ അസൗകര്യം പരിഗണിച്ചാണ്, ചില മാറ്റങ്ങളോടെ ബിന്നുകൾ സ്ഥാപിക്കേണ്ട സാഹചര്യം ഉണ്ടായത് എന്ന് അറിയിച്ചു. കൂടാതെ നിലവിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾക്ക് അസി. എൻജിനീയറിൽ നിന്നും മൂല്യ നിർണ്ണയം നടത്തി അധിക ചെലവ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി കരാർ ചമച്ചതിന് ശേഷം ടെണ്ടർ സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തിയത് ക്രമപ്രകാരമല്ല. അധിക ചെലവ് ഈടാക്കേണ്ടതും അപാകതയിന്മേൽ വിശദമായ മറുപടിയും, ആയതിന്മേലുള്ള ഭരണ സമിതി തീരുമാനവും ലഭ്യമാക്കേണ്ടതാണ്.

## 1-20 കിഡ്നി രോഗികൾക്ക് ഡയാലിസിസിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായ നം.263/22, കിഡ്നി രോഗികൾക്ക് ഡയാലിസിസിന് തുക നൽകൽ എന്ന പദ്ധതി പ്രാകരം 16000/-രൂപ തനത് ഫണ്ടിൽ നിന്ന് വൗച്ചർ നം.22101143/09.03.22 പ്രകാരം ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

മെഡിക്കൽ ഓഫീസറുടെ നേരിട്ടുള്ള നിർവ്വഹണത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന സംയുക്ത പ്രോജക്ടായാണ് പദ്ധതി അംഗീകാരം നേടിയിട്ടുള്ളത്. എന്നാൽ തുക നൽകിയിട്ടുള്ളത് ജില്ലാ പഞ്ചായത്തിനാണ്.

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.02.22ലെ ജി.3-4014/2021നമ്പർ കത്ത് പ്രകാരം ഡയാലിസിസ് രോഗികൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം എന്ന പേരിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. പദ്ധതി നിർവ്വഹണം നടന്നതായുള്ള വിശദാംശങ്ങളും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രവും വിശദമായ മറുപടിയും പിന്നീട് നൽകുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/21-22/17.11.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-21 PMAY- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല.

PMAY പദ്ധതിയുടെ ഗ്രാമ പഞ്ചായത്ത് വിഹിതമായി ജനറൽ, എസ്.സി വിഭാഗത്തിൽ മൊത്തം 17,16,000/- രൂപ മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണം നടത്തിയ ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | പി.എം.എ.വൈ വിഹതം നൽകൽ (17/22) |
| അടങ്കൽ | 1716000/- (1278000 Gen + 50000 SCP + 388000 CFC) |
| ചെലവ് / വൗച്ചർ | 1278000/- Vr.No. 100293675/ 11.08.2022<br>50000/- Vr.No. 100293680/ 11.08.2022<br>388000/- Vr.No. 10024684/07.03.2022 |

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് (എൻക്വയറിക്ക് 13/18.11.2022) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്]

### 1-22 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.

2021-22 ൽ നടപ്പാക്കിയ മരാമത്ത് പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, എന്നിവയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കേഷൻ നമ്പർ/തീയതി |
|---|---|---|
| 2021-22 | 14-11-2022 മുതൽ 15-11-2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 676875 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( പ്രൊജക്ട് നമ്പർ:37/22) | 676875 | 0 |
| | 96220 | നെൽകൃഷിക്ക് വിത്ത് ജൈവവളം-സമ്പൂർണ്ണ കൂലിച്ചെലവ് സബ്സിഡി(പ്രൊജക്ട് നമ്പർ:99/22) | 96220 | 0 |
| | 497280 | ലൈഫ് ഭവന പദ്ധതി (ഭൂമിയുള്ള ഭവന രഹിതർ) (പ്രൊജക്ട് നമ്പർ:100/22) | 497280 | |
| ബ്ലോക്ക് പഞ്ചായത്ത് | 561500 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( പ്രൊജക്ട് നമ്പർ:37/22) | 561500 | 0 |
| | 96220 | നെൽകൃഷിക്ക് വിത്ത് ജൈവവളം-സമ്പൂർണ്ണ കൂലിച്ചെലവ് സബ്സിഡി(പ്രൊജക്ട് നമ്പർ:99/22) | 96220 | 0 |
| | 500000 | ലൈഫ് ഭവന പദ്ധതി (ഭൂമിയുള്ള ഭവന രഹിത ,എസ് സി)(പ്രൊജക്ട് നമ്പർ:100/22) | 500000 | ○ |
| | 170000 | പച്ചക്കറി കൃഷിക്ക് ജൈവവളം സമ്പൂർണ്ണ കൂലിച്ചെലവ് സബ്സിഡി(പ്രൊജക്ട് നമ്പർ:137/22) | 170000 | 0 |
| | 480000 | ലൈഫ് ഭവന പദ്ധതി (ഭൂമിയുള്ള ഭവന രഹിതർ) (പ്രൊജക്ട് നമ്പർ:98/22) | 480000 | 0 |
| | 500000 | ഒഴൂർ ജി എം യു പി എസ് മെയിന്റനൻസ് (പ്രൊജക്ട് നമ്പർ:209/22) | 500000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(171/22) | 2012202121585 തീയതി 10-12-21 | 1543977 | 1543977 | പൂർത്തീകരിച്ചു | 0 |
| കെഎസ്ഇബി | സലഫി അങ്കണവാടി വൈദ്യുതീകരണത്തിനായി പോസ്റ്റ് സ്ഥാപിക്കൽ(342/22) | 22101161 തീയതി 17-3-2022 | 37936 | 37936 | പൂർത്തീകരിച്ചു | 0 |
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (343/22) | 31032026598/31-3-22 | 250000 | 250000 | പൂർത്തീകരിച്ചു | 0 |
| കെഎസ്ഇബി | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(301/22) | 22100780/30-12-2022 | 37893 | 37893 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തന് വർഷം ലഭ്യമായ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി- | G.O.(MS)No. 68/2018/LSGD | 0 | 15,82,240 | 13,64,000 | 0 | 2,18,240 |

| | | | | | | | |
|---|---|---|---|---|---|---|---|
| | KURDFC | തിയതി 18.05.18 | | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1206635 |
| തൻ വർഷം നിക്ഷേപിച്ച തുക | 75306 |
| ആകെ | 1281941 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1281941 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ/തീയതി |
|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്, മൊറയൂർ | 1281941 | 773363/29-6-21 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-16,2-1 | 2497 | അസിസ്റ്റന്റ് എഞ്ചിനിയർ | 12108010100056/17-4-21 |
| 2019-20 | 1-11-2 | 1200 | പി.പി ഓൾഡ് സ്റ്റീൽ,മൊറയൂർ | 121080102789/11-11-21 |
| 2019-20 | 1-11-2 | 1440 | ജാഫർ ഗോൾഡ് വർക്ക്, മോങ്ങം. | 121080102877/11-11-21 |
| 2019-20 | 1-11-2 | 1080 | എം.എം ഹെൽപ്പ് ലൈൻ,ഓൺ ലൈൻ സർവ്വീസ്,മൊറയൂർ. | 121080102513/25-10-21 |
| 2019-20 | 1-11-2 | 1680 | ബ്ലൂബെറി ബേകേസ്,മൊറയൂർ. | 121080102617/25-10-21 |
| 2019-20 | 1-11-2 | 1440 | റോയൽ മാർക്കറ്റിംഗ്, വാലഞ്ചേരി | 121080102617/01-11-21 |
| 2019-20 | 1-11-2 | 3240 | എ.എം മോട്ടോർസ്,മൊറയൂർ. | 121080102621/01-11-21 |
| 2019-20 | 1-11-2 | 720 | ഗ്ലോബൽ ഗോൾഡ് വർക്ക്, മോങ്ങം. | 121080102632/02-11-21 |
| 2019-20 | 1-11-2 | 1440 | ഭാരത് ബ്രെഡ്,മോങ്ങം | 121080102633/02-11-21 |
| 2019-20 | 1-11-2 | 9100 | നിയോവിറ്റ ന്യൂട്രിമിക്സ്,മൊറയൂർ | 1210801027185/11-11-21 |
| 2019-20 | 1-11-2 | 720 | റോയൽ ട്രൈഡേർസ്,മോങ്ങം. | 121080102785/25-10-21 |
| 2019-20 | 1-11-2 | 1440 | എം.എ പോളിമേർസ് | 121080103729/31-12-21 |

| | | | | |
|---|---|---|---|---|
| 2019-20 | 1-11-2 | 480 | ബിൽഡ് ഇന്ത്യ,മോങ്ങം | 121080103838/07-01-22 |
| 2019-20 | 1-11-2 | 1080 | സുമയ്യാ സോ മിൽ,മോങ്ങം | 121080102513/25-10-21 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | | വസ്തു നികുതി രേഖകൾ പൂർണ്ണമല്ല | നടപടി തുടർന്ന് വരുന്നു |
| 2019-20 | 1-15 | 2020-21 | | ക്വട്ടേഷൻ ക്ഷണിക്കാതെ പർച്ചേസ് നടത്തിയത് സംബന്ധിച്ച് | നടപടി തുടർന്ന് വരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല.

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 49-1 | ശ്രീമതി. ലളിത എ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF2732/ Sp.cell/ Sc5/04 Dt 30.10.04 | 13339/- | -- | -- | -- | -- | -- | 13339/- |
| 2 | 1998-99 | 43 | ശ്രീ. ഐസൻ ജോസ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 23209/ Spl.cell/ Sc5/04 Dt 12.12.05 | 2963/- | -- | -- | -- | -- | -- | 2963/- |
| 3 | 1998-99 | 29(b) | ശ്രീ. സി ശിവദാസൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 23209/ Spl.cell/ Sc5/04 Dt 12.12.05 | 2500/- | -- | -- | -- | -- | -- | 2500/- |
| 4 | 1999-00 | 3-12,3-13, 3-14,3-15, 3-16,3-17, 3-23, 3-23(b), 3-24, 3-26(1), 3-26(2), 3-26(3), 3-27,3-28, 3-29, | ശ്രീ. ഐസൻ ജോസ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18020/ Spl.cell/ SC5/07 24.03.09/ 28.04.09 | 100367/- | -- | -- | 100367/- (OP74/ 09 Allow Ed 30- 11-17) | -- | -- | 100367/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 3-30,3-31, 3-32, 3-33, 3-34,3-35, 3-38, 3-52(1), 3-52(2). | | | | | | | | | |
| 5 | 1999-00 | 3(8), 3(9) 3(10) 3(11), 3(20) | ശ്രീ. സി ശിവദാസൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18020/ Spl.cell/ SC5/07 24.03.09/ 28.04.09 | 6740/- | -- | -- | -- | -- | -- | 6740/- |
| 6 | 2001-02 | 3-5 | ശ്രീമതി. കെ.പി രതി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18849/ Spl.cell/ SC5/06 7.5.09/ 11.5.09 | 7875/- | -- | -- | -- | -- | -- | 7875/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 90922202 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79490213 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.എം.പി.എം.22/436/22 തിയ്യതി 22.10.22 | 22 |
| 1998-1999 | കെ.എസ്.എ.എം.പി.എം.22/437/22 തിയ്യതി 22.10.22 | 9 |
| 1999-2000 | കെ.എസ്.എ.എം.പി.എം.22/438/22 തിയ്യതി 22.10.22 | 29 |
| 2000-2001 | എൽ എഫ് എം 17/417/05 തിയ്യതി 23.10.10 | 29 |
| 2001-2002 | കെ.എസ്.എ.എം.പി.എം.22/440/22 തിയ്യതി 22.10.22 | 13 |
| 2003-2004 | കെ.എസ്.എ.എം.പി.എം.22/442/22 തിയ്യതി 22.10.22 | 1 |
| 2004-2005 | കെ.എസ്.എ.എം.പി.എം.22/443/22 തിയ്യതി 22.10.22 | 1 |
| 2006-2007 | കെ.എസ്.എ.എം.പി.എം.22/445/22 തിയ്യതി 22.10.22 | 5 |

| | | |
|---|---|---|
| 2007-2008 | കെ.എസ്.എ.എം.പി.എം.22/446/22 തിയ്യതി 22.10.22 | 09 |
| 2008-09,09-10, 10-11 | എൽ എഫ് എം11/2461/13 തിയ്യതി 07.04.14 | 21 |
| 2011-12,12-13 | കെ എസ് എ എം പി എം 11/225/15 തിയ്യതി 26.08.17 | 5 |
| 2013-14,14-15 | കെ എസ് എ എം പി എം 22/1760/20തിയ്യതി 7-12-20 | 21 |
| 2015-2016 | കെ.എസ്.എ.എം.പി.എം22/1759/2020തീയതി.7/12/20 | 1 |
| 2016-2017 | കെ.എസ്.എ.എം.പി.എം.22/1827/2017 തീയതി: 23-8-17 | 21 |
| 2017-2018 | കെ.എസ്.എ.എം.പി.എം.22/812/2021 തീയതി: 06-07-2021 | 2 |
| 2018-19 | കെ.എസ്.എ.എം.പി.എം.22/813/2021 തീയതി: 20-07-2021 | 12 |
| 2019-20 | കെ.എസ്.എ.എം.പി.എം.22/1315/22 തീയതി: 12-08-2022 | 4 |
| 2020-21 | കെ.എസ്.എ.എം.പി.എം.22/1502/22 തീയതി: 06-08-2022 | 12 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.12/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്